# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 87.** **12.12.2012-ൽ മറുപടിയ്ക്ക്**

## തീരദേശങ്ങളിലെ ആരോഗ്യ പരിപാലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | തീരപ്രദേശങ്ങളിൽ കോളറ, ഡെങ്കിപ്പനി തുടങ്ങിയ പകർച്ച വ്യാധികൾ പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരളത്തിന്റെ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ച് തെക്കൻ ജില്ലകളിൽ (തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ) പടരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള പ്രദേശത്ത് നിന്നും ഈ വർഷം മൂന്ന് കോളറ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | തീരപ്രദേശങ്ങളിലെ സ്കൂളുകൾ, റെസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിൽ ശുദ്ധജലം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്രദേശങ്ങളിൽ ലഭിക്കുന്ന കുടിവെള്ളം ശുദ്ധമാണെന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; | (ബി) | ജനങ്ങൾക്ക് കുടിക്കുവാനുള്ള ജലം നൽകുന്നത് ജലഅതോറിറ്റിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ്. ഇതിന്റെ ഗുണമേന്മ ഉറപ്പാക്കുവാൻ ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധന നടത്താറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾക്ക് ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകാറുണ്ട്. കൂടാതെ കിണറുകൾ മറ്റു കുടിവെള്ളസ്രോതസ്സുകൾ എന്നിവ ക്ലോറിനേഷൻ നടത്തി ശുദ്ധീകരിക്കുന്നുണ്ട്. കേന്ദ്ര സർക്കാർ സഹായത്തോടെ പ്രൈമറി ഹെൽത്ത് സെന്ററുകൾ കേന്ദ്രീകരിച്ച് ആശാവർക്കർമാർ/ ജെ.എച്ച്.ഐ. മാരുടെ സേവനം ഉപയോഗപ്പെടുത്തി കുടിവെള്ള ഗുണനിലവാര പരിശോധനയ്ക്കുള്ള ഒരു പദ്ധതിക്കും തുടക്കം കുറിച്ചിട്ടുണ്ട്. |
| (സി) | തീരപ്രദേശങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക ശുചിത്വ ആരോഗ്യ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ? | (സി) | തീരപ്രദേശത്തിനു മാത്രമായി ഒരു പദ്ധതി നടപ്പാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ